# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 17/04/2024

1. കർഷകരുടെ ഉന്നമനവും കാർഷികമേഖലയുടെ വളർച്ചയും ലക്ഷ്യമിട്ട് കൃഷിഭവനുകൾ മുഖേന നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കാർഷികവികസന കർഷകക്ഷേമവകുപ്പ് കൃഷിഭവനിലൂടെ വിവിധ സേവനങ്ങൾ നൽകുന്നുണ്ട്. കോംപ്രിഹൻസീവ് ഡെവലപ്മെൻ്റ് ഓഫ് റൈസ് പദ്ധതിയിലൂടെ പാടശേഖര സമിതികൾക്ക് വളർച്ചോപാധികൾ വാങ്ങുന്നതിനായി കൃഷിഭൂമിയുടെ വിസ്തൃതി അനുസരിച്ച് ഹെക്ടർ ഒന്നിന് 5500 രൂപ വിതം സബ്സിഡി നൽകുന്നു. തരിശുനിലങ്ങളിൽ കൃഷി ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് 40000 രൂപ വീതം നൽകുന്ന പദ്ധതിയാണ് തരിശുനില കൃഷി. പാട്ടക്കൃഷി ആണെങ്കിൽ പദ്ധതി പ്രകാരം 35,000 രൂപ കർഷകനും 5000 രൂപ സ്ഥലമുടമയ്ക്കും ലഭിക്കും. സ്പെഷ്യാലിറ്റി റൈസ് പദ്ധതിയിലൂടെ പൊക്കാളി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി കൃഷിഭവൻ മുഖേന ഹെക്ടർ ഒന്നിന് 10000 രൂപ സബ്സിഡി നൽകുന്നു. പ്രൊഡക്ഷൻ ഇൻസെൻ്റീവ് പദ്ധതി പ്രകാരം നെല്ലുൽപാദനം പ്രോത്സാഹിപ്പിക്കുന്നതിനായി ഉൽപാദക ഇൻസെൻ്റീവായി കർഷകർക്ക് ഹെക്ടറിന് ആയിരം രൂപ വീതം ആനുകൂല്യം നൽകുന്നു. പാടശേഖരസമിതിക്ക് പാടശേഖരങ്ങളിൽ വരുന്ന അനുബന്ധ ചെലവുകൾ വഹിക്കുന്നതിനായി ഓപ്പറേഷൻ സപ്പോർട്ട് പദ്ധതിവഴി ഹെക്ടർ ഒന്നിന് 360 രൂപ വീതം നൽകുന്നു. സോയിൽ ലാൻഡ് റൂട്ട് ഹെൽത്ത് മാനേജ്മെന്റ് പദ്ധതിയിലൂടെ മണ്ണിന്റെ അമ്ലത പരിഹരിക്കുന്നതിനും മികച്ച വിളവ് ലഭിക്കുന്നതിനുമായി കുമ്മായ വസ്തുക്കൾ ലഭ്യമാക്കുന്നതിന് ഹെക്ടറിന് 5400 രൂപ വീതം ധനസഹായം നൽകുന്നു. കൂടുതൽ വിവരങ്ങൾക്കായി അടുത്തുള്ള കൃഷിഭവൻ സന്ദർശിക്കുക.

2. ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസർച്ച് കൃഷിവിജ്ഞാൻ കേന്ദ്രങ്ങളുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കേരള കാർഷിക സർവകലാശാലയും കൊല്ലം സദാനന്ദപുരം കൃഷി വിജ്ഞാൻ കേന്ദ്രവും സംയുക്തമായി ഒരു സാങ്കേതികവാരം ഏപ്രിൽ 15 മുതൽ 20 വരെ നടന്നുവരുന്നു. കൂടുതൽ വിവരങ്ങൾക്ക് 9447525264 എന്ന നമ്പരിൽ ഡോ. ബിനി സാം സ്ഥാപന മേധാവിയുമായി ബന്ധപ്പെടുക.

**പരിശീലന പരിപാടി**

3. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടു കൂടി പ്രവർത്തിക്കുന്ന കാനറാ ബാങ്ക്, SDME ട്രസ്റ്റ് എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ തളിപ്പറമ്പ് കാഞ്ഞിരങ്ങാട് പ്രവർത്തിക്കുന്ന RUDSET ഇൻസ്റ്റിറ്റ്യൂട്ട് 2024 ഏപ്രിൽ അവസാന വാരം ആരംഭിക്കുന്ന 6 ദിവസം നീണ്ടു നിൽക്കുന്ന പരിശീലനത്തിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്രസ്തുത പരിശീലനത്തിൽ വിവിധ തരം അച്ചാറുകൾ, വിവിധ തരം മസാല പൊടികൾ, ബിസിനസ് മാനേജ്മന്റ്, മാർക്കറ്റിംഗ്, ബാങ്കിങ്, വായ്പ മാർഗ നിർദ്ദേശങ്ങൾ മുതലായ വിഷയങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. അപേക്ഷ സ്വീകരിക്കുന്ന അവസാന തിയ്യതി 2024 ഏപ്രിൽ 19. താല്പര്യമുള്ള വ്യക്തികൾക്ക് https://forms.gle/qWKVZuEpAv34Gi628 എന്ന ലിങ്ക് അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വവിവരങ്ങൾക്ക് 04602226573 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. **കാർഷിക നിർദ്ദേശം** -മരച്ചീനിയിൽ മണ്ഡരികളുടെ ആക്രമണം തടയുന്നതിനായി കീട ആക്രമണം കണ്ടു വരുമ്പോൾ തന്നെ ശക്തിയായി വെള്ളം തളിക്കുക.അതിനു ശേഷം ഇലകളിൽ 10 ശതമാനം വീര്യമുള്ള മഗ്നീഷ്യം സൽഫേറ്റ് സ്പ്രേ ചെയ്യുക. മിത്ര കുമിളുകളായ ഹിർസുട്ടല്ല, ലകാനിസിലിയം എന്നിവയിലേതെങ്കിലും 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ലായനിയാക്കി ചെടികളിൽ തളിച്ച് കൊടുക്കണം. 7 മില്ലി

വേപ്പെണ്ണ 3 മില്ലി സോപ്പ് ലായനിയുമായി ചേർത്ത് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിക്കുക. ഇത് ഒരാഴ്ച ഇടവിട്ട് രണ്ടു പ്രാവശ്യം തളിക്കുക. തീവ്രാക്രമണ സമയത്ത് സ്പൈറോമേസിഫെൻ 1 മില്ലി /ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ലായനിയാക്കി തളിക്കേണ്ടതാണ്.

5. **മൃഗസംരക്ഷണ നിർദ്ദേശം**-കടുത്ത വേനൽച്ചൂടിൽ വീടുകളിലെ വളർത്തുമൃഗങ്ങൾക്കു പ്രത്യേക കരുതൽ വേണമെന്ന നിർദേശവുമായി മൃഗസംരക്ഷണ വകുപ്പ്. പശുക്കൾക്കു വായു സഞ്ചാരമുള്ള തൊഴുത്തും ഫാനും നിർബന്ധമാക്കുക. മേൽ ക്കൂരയ്ക്കു മുകളിൽ പച്ചക്കറിപ്പന്തൽ/തുള്ളിനന/നനച്ചചാക്ക് ഇടുക. ഇടയ്ക്കിടെ പശുക്കളെ തുണി നനച്ചു തുടയ്ക്കുക, 80- 100 ലീറ്റർ വെള്ളം നൽകുക, ധാരാളം പച്ചപ്പുല്ല് ലഭ്യമാക്കുക. കോഴികൾക്കു തണുത്ത വെള്ളം, മോര് എന്നിവ കുടിക്കാൻ നൽകാം. രാവിലെയും വൈകിട്ടും കോഴിക്കൂട്ടിലെ തറവിരി ഇളക്കി ഇടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം